(ബി) ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(സി) ഇത്തരത്തിൽ മരവിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്ര ;

(ഡി) ഇത് സംബന്ധിച്ച് നിലവിലുള്ള നയം മാറുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) രണ്ട് വർഷം കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിയാത്ത പദ്ധതി പ്രദേശങ്ങളിലെ പദ്ധതിക്ക് അത്യന്താപേക്ഷിതമായ സ്ഥലങ്ങളൊഴികെ മറ്റുള്ളവ പദ്ധതിക്കനുസൃതമായി വികസിപ്പിച്ചെടുക്കുവാൻ വ്യക്തികൾക്ക് അനുവാദം നൽകുന്നതായിരിക്കും.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ദീർഘകാലമായി ഭൂമി മരവിപ്പിക്കുന്ന നടപടി കൊണ്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏകീകരിക്കുകയെന്നതുതന്നെ പ്രധാന കാരണം.

എം. എൽ. എ. റോഡ് സംവിധാനം

* 124. [126] ശ്രീ. സി. ടി. കൃഷ്ണൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. കെ. പി. അരവിന്ദാക്ഷൻ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, ജി. വരദൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഓരോ വർഷവും എം. എൽ. എ.മാർ നിർദ്ദേശിക്കുന്ന രണ്ടു റോഡുകൾ ഏറ്റെടുക്കുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

1982-83-ൽ ആവിഷ്ക്കരിച്ച എം. എൽ എ. മാരുടെ രണ്ടു റോഡു പദ്ധതി പ്രകാരം ഓരോ വർഷവും രണ്ടുറോഡുകൾ വീതം ഏറ്റെടുക്കുന്നതിനുള്ള സംവിധാനമില്ല.

ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം

* 125. [128] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ശുദ്ധജലത്തിനു ഗുണ നിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് ഏതെല്ലാം ജില്ലയിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ഈ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly